**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1865** **08-10-2021 - ൽ മറുപടിയ്ക്ക്**

**മുല്ലശ്ശേരി മൃഗാശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ബ്ലോക്കിൽ നാല് പഞ്ചായത്തുകൾക്ക് പ്രയോജനകരമാകുന്ന മുല്ലശ്ശേരി മൃഗാശുപത്രിയിൽ ലാബ് അടക്കമുള്ള സംവിധാനങ്ങളൊരുക്കി നിലവാരം മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശേരി വെറ്ററിനറി ഡിസ്പെൻസറിയെ ലാബ് സൗകര്യങ്ങളുള്ള വെറ്ററിനറി പോളി ക്ലിനിക് ആയി ഉയർത്താനുള്ള പ്രൊപ്പോസൽ മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നെങ്കിലും സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാരിന് അധിക ബാധ്യത ഉണ്ടാകുമെന്നതിനാൽ മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി പോളി ക്ലിനിക് ആയി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കുവാൻ സാധിച്ചില്ല. |
| (ബി) | പ്രസ്തുത മൃഗാശുപത്രിയിൽ രാത്രികാലത്ത് ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്കിൽ രാത്രികാല വെറ്ററിനറി സേവനം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ